സുവിശേഷ സത്യങ്ങൾക്കായി നിലകൊള്ളുന്ന വൈ.എം.ഇ.എഫ്. വാരിക

# സുവിശേഷ ധ്വനി

Suvisesha Dhwani Reg. No. RN 29475/78

23 ജനുവരി 2010 പുസ്തകം 34 ലക്കം 35 പേജ് 4

# കൊട്ടാരക്കര സുവിശേഷമഹായോഗം സമാപിച്ചു

2010 ജനുവരി 11 വൈകിട്ട് പ്രാർത്ഥനയോടുകൂടി കൊട്ടാരക്കര പുലമൺ ഗോസ്പൽ ഹോളിൽ ആരംഭിച്ച സുവിശേഷ മഹായോഗം ജനുവരി 17ന് ഉച്ചയ്ക്കുള്ള വചനശുശ്രൂഷയോടുകൂടി സമാപിക്കുവാൻ വലിയവനായ ദൈവം കൃപ ചെയ്തു. പ്രശ്നപ്രതികൂലങ്ങളില്ലാതെ ഒരാഴ്ചത്തെ ആത്മികശുശ്രൂഷ അനുഗ്രഹകരമായി നടക്കുവാൻ അവന്റെ കൃപ മതിയായതായിരുന്നു. ആഴ്ചവട്ടത്തിന്റെ ഒന്നാംദിനം കൊല്ലം ജില്ലയുടെ വിവിധ ഭാഗങ്ങളിൽ നിന്നും തടിച്ചുകൂടിയ വേർപെട്ട ദൈവജനം ആത്മാവാം ദൈവത്തെ പുത്രനാം ക്രിസ്തുവിൽക്കൂടി ആത്മാവിലും സത്യത്തിലും ആരാധിച്ചു. തുടർന്ന് സമ്മേളിച്ചിരുന്ന ദൈവജനത്തിന് ആവശ്യമായ ദൂത് ദൈവാത്മാവ് സഹോദരൻ ജോൺകുര്യനിൽക്കൂടി നൽകി. പ്രിയ സഹോദരൻ മലാഖി 3:13–18 വരെയുള്ള വാക്യങ്ങളെ ആസ്പദമാക്കി ദൈവാത്മാവിന്റെ നിയന്ത്രണത്തിൽ സംസാരിച്ചു..

ദൈവജനത്തിന്റെ അധഃപതന കാലത്തെ വിവരണമാണ് മലാഖിയിൽ കാണുന്നത്. ഏഴു പ്രാവശ്യം ദൈവജനം ദൈവത്തെ ചോദ്യം ചെയ്യുന്നതായി നാം കാണുന്നു. 1: 1,6; 2:14, 17; 3:7,13,18 എന്നീ വാക്യങ്ങളിൽ ഇത് കാണുന്നു. എന്നാലും ഈ ജനത്തോടുള്ള ദൈവത്തിന്റെ ആദ്യപ്രസ്താവന "ഞാൻ നിങ്ങളെ സ്നേഹിക്കുന്നു" എന്നതാണ് ( 1:2). ദൈവസ്നേഹത്തിന്

നമ്മെ കൂടുതൽ സ്നേഹിക്കുകയും കുറച്ച് സ്നേഹിക്കുകയും ചെയ്യുന്ന സമയങ്ങൾ ഇല്ല. നാം ദൈവത്തെ സംശയിച്ച് അവനിൽ നിന്ന് അകന്നു കഴിയുമ്പോഴും അവൻ നമ്മെ സ്നേഹിക്കുന്നു. ദുഷ്ടന്മാരെയും നീതിമാന്മാരെയും ഒരുപോലെ സ്നേഹിച്ചു കരുതുന്ന ഒരു ഹൃദയമാണ് ദൈവത്തിനു

കർത്താവു പഠിപ്പിച്ചിട്ടുണ്ട്. നമ്മുടെ ആത്മികനിലവാരം അനുസരിച്ചുമാത്രമേ ആ സ്നേഹം നമുക്ക് അനുഭവിക്കുവാൻ കഴിയൂ എന്നിരിക്കിലും ദൈവസ്നേഹം സ്ഥായിയായി നിലകൊള്ളുന്നതാണ്.

ദൈവം എന്തുപറഞ്ഞാലും ഉടനെ മറു



ചോദ്യം ചോദിക്കുന്ന ഒരു ജനത്തെ നാം ഇവിടെ കാണുന്നു. 3:13 ൽ ദൈവത്തിനെതിരെ അവർ അതികഠിനമായി സംസാരിക്കുന്നു. യഹോവയെ സേവിക്കുന്നത് വ്യർത്ഥം. അനുതാപഹൃദയത്തോടെ നടക്കുന്നതിനാൽ പ്രയോജനം ഇല്ല; ദുഷ്ടന്മാർ അഭിവൃദ്ധി പ്രാപിക്കുന്നു; ദൈവത്തെ പരീക്ഷിക്കുന്നവർ ശിക്ഷ ഒഴിഞ്ഞുപോകുന്നു എന്നിങ്ങനെ അവർ പറയുന്നു. 'പറയുന്നു' എന്നതിന്റെ മൂലത്തിലെ ക്രിയാപദം ' തമ്മിൽ തമ്മിൽ പറയുന്നു' എന്ന ആശയമാണ് തരുന്നത്. ദൈവവഴികളിൽ നടക്കുന്നതിനാൽ പ്രയോജനം ഇല്ലായെന്ന് ചിന്തിച്ചുപോയ ചില ഭക്തന്മാരെ സംബന്ധിച്ച് സങ്കീർത്തനം 73 ലും 37 ലും നാം കാണുന്നു. മറ്റുള്ളവരുടെ താൽക്കാലിക നന്മകണ്ടാണ് പലപ്പോഴും ഇപ്രകാരം ഉള്ള ചിന്തകൾ ഉടലെടുക്കുന്നത്. അങ്ങനെയുള്ള വേളകളിൽ ദൈവസന്നിധിയിൽ ചെന്ന് ദൈവിക ദൃഷ്ടി കോണത്തിലൂടെ കാര്യങ്ങളെ കാണാൻ

(ശേഷം 2 - ാം പേജിൽ)

# ദൈവത്തിന്റെ ദയ

സാമുവേൽ ഏബ്രഹാം

ദയ ധാരാളമായി അനുഭവിക്കുന്ന നമുക്ക് ദയയെപ്പറ്റിയും ധാരാളം അറിയാം. ഒരു അമ്മയ്ക്ക് തന്റെ കുഞ്ഞിനോട് തോന്നുന്ന ആർദ്രതയാണ് ദയ എന്ന പദംകൊണ്ട് അർത്ഥം ആക്കുന്നത്. മലയാളത്തിൽ ദയ എന്ന വാക്കിന് ഇംഗ്ലീഷിൽ പല പദങ്ങൾ ഉപയോഗിച്ചിട്ടുണ്ട്. ഏറ്റവും കൂടുതൽ ദയ നൽകുന്നത് ദൈവം ആകയാൽ, ദൈവം ദയയുടെ ഉറവിടമാണ്. യഥാർത്ഥ ദയ മറ്റ് ഒരിടത്തുനിന്നും ഉത്ഭവിക്കുകയില്ല. മറ്റ് സ്ഥലങ്ങളിൽ ദയയ്ക്കുവേണ്ടി പോകുന്നവർ അവസാനം നിരാശരായിത്തീരുന്നു. ഏറ്റവും കൂടുതൽ ദയ പ്രാപിച്ച ദൈവസൃഷ്ടി മനുഷ്യരാണ് പ്രത്യേകിച്ച് ദൈവമക്കൾ. (സാത്താന്റെ പുറകെ പോകുന്നവന് അവസാനം ദയയുടെ ഒരു കണികപോലും ലഭിക്കുകയില്ല. സാത്താന് ദയ എന്ന വാക്ക് എന്താണ് എന്നുപോലും അറിഞ്ഞുകൂട). ദൈവത്തിന്റെ ദയയ്ക്ക് വളരെ പ്രത്യേകതകൾ ഉണ്ട്. ദൈവീക ദയ തിരികെ ഒന്നും പ്രതീക്ഷിക്കുന്നില്ല. അത് ദൈവത്തിൽ നിന്നും ഒരു വിഘ്നവും കൂടാതെ മനുഷ്യനിലേക്ക് കഴിഞ്ഞ ആറായിരം വർഷമായി ഒഴുകിക്കൊണ്ടിരിക്കുകയാണ്. നമുക്കു തരുന്ന ദയയ്ക്ക് പകരമായി തിരികെ മനുഷ്യന്റെ ഒരു ദയയും ദൈവത്തിനു വേണ്ട. വെള്ളം എപ്പോഴും മുകളിൽനിന്നും താഴേക്ക് ഒഴുകുന്നതുപോലെ ദയയും സർവ്വകാലത്തും ദൈവത്തിൽനിന്നും മനുഷ്യനിലേക്ക് ഒഴുകുന്നു. നമുക്ക് ലഭിച്ചുകൊണ്ടിരിക്കുന്ന ദൈവിക ദയയെ അളക്കുവാൻ പ്രാപ്തരായി ആരും ഉണ്ടായിട്ടില്ല, ഇനിയും ഉണ്ടാവുകയുമില്ല. അനേകരും ഈ ദയയുടെ വലിപ്പം അറിയാത്തവരാണ്. അറിഞ്ഞാൽ തന്നെയും അതിനോട് പ്രതികരിക്കാത്തവരാണ്. എന്നാൽ നാം ഓരോരുത്തരും ദൈവിക ദയയുടെ ചാനലുകളാണ്. ദൈവത്തിന്റെ ദയ മറ്റു സഹജീവികളിൽ (മനുഷ്യരിൽ) എത്തിക്കുവാൻ ദൈവം നമ്മെ മാത്രമേ ഉപയോഗിക്കുവാൻ ആഗ്രഹിക്കുന്നുള്ളൂ. ദൈവം നേരിട്ടു പ്രത്യക്ഷപ്പെട്ട് ദയ കാണിക്കുന്നതിനു പകരം തന്റെ മക്കളെ അതിന് പാത്രങ്ങളായി ഉപയോഗിക്കുന്നു. ഭൂമിയിൽ ഏറ്റവും കൂടുതൽ ദയ അനുഭവിക്കുന്നത് ദൈവമക്കളാണ്. ആ ദയ മറ്റുള്ളവരിലേക്ക് പകരുവാൻ ദൈവം ആഗ്രഹിക്കുന്നു. അതുകൊണ്ടാണ് ദാവീദ് ഇപ്രകാരം ചോദിച്ചത് ' ദൈവത്തിന്റെ ദയ കാണിക്കുവാൻ ശൗലിന്റെ കുടുംബത്തിൽ ആരുണ്ട്"? ദാവീദിന്റെ ദയ അല്ല ഇവിടുത്തെ വിഷയം. ദൈവിക ദയ എങ്ങനെയുള്ളതാണ് എന്ന് കാണിക്കുവാനാണ് ദാവീദ് ആഗ്രഹം പ്രകടിപ്പിച്ചത്. ദൈവത്തിന്റെ ദയ പ്രകടിപ്പിക്കുവാൻ ആഗ്രഹിക്കുന്ന ദാവീദിന് ലഭിച്ച ദൈവിക ദയ എത്ര വലിയതായിരുന്നു. ആടിന്റെ ഇടയൻ രാജ്യത്തിന്റെ ഇടയനായി മാറിയ ദയ. ആടിന്റെ കൂട്ടിൽ നിന്നും, വനത്തിലെ ഗുഹകളിൽനിന്നും കൊട്ടാരത്തിലേക്ക്

(ശേഷം 3 - ാം പേജിൽ)

## വൈ.എം.ഇ.എഫ് ജനറൽ കമ്മിറ്റി

ദൈവഹിതമായാൽ ജനറൽ വൈ.എം.ഇ.എഫിന്റെ ജനറൽകമ്മിറ്റി മീറ്റിംഗ് 2010 ജനുവരി 26 രാവിലെ 11 മണിക്ക് എറണാകുളം സൗത്ത് ബ്രദറൺ സഭാ ഹാളിൽവെച്ച് നടത്തുവാനാഗ്രഹിക്കുന്നു. ആയതിലേക്ക് ജനറൽ വൈ.എം.ഇ.എഫ് കമ്മിറ്റി അംഗങ്ങൾ പ്രാർത്ഥനയോടുകൂടി പങ്കെടുക്കണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക്:

സാബു മാത്യു ( ജനറൽ സെക്രട്ടറി) 9847707257

## വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷൻ സുവിശേഷക്യാമ്പ്

**കൊട്ടാരക്കര :** ദൈവഹിതമായാൽ വൈ.എം.ഇ.എഫ് (SD) യുടെ ചുമതലയിലും ആലപ്പുഴ സെന്റർ വൈ.എം.ഇ.എഫിന്റെയും സ്ഥലസഭകളുടെയും സഹകരണത്തിൽ 2010 ഫെബ്രുവരി 11,12,13 തീയതികളിൽ പൊങ്ങയ്ക്ക് സമീപമുള്ള ചേന്ദങ്കരി എന്ന സ്ഥലത്ത് സുവിശേഷക്യാമ്പ് നടത്തുവാൻ ആഗ്രഹിക്കുന്നു. ഈ സുവിശേഷക്യാമ്പിനോടനുബന്ധിച്ച് ഭവനസന്ദർശനം, പരസ്യയോഗങ്ങൾ, കോർണർ മീറ്റിംഗുകൾ, ബൈബിൾ ക്ലാസ്സുകൾ, പ്രാർത്ഥന എന്നീ വിവിധ പ്രോഗ്രാമുകൾ നടത്തുവാൻ ആഗ്രഹിക്കുന്നു ദൈവജനം ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. *ജേക്കബ് പി. മാത്യു*

*പൊങ്ങ സഭയ്ക്കുവേണ്ടി പി.പി. അഗസ്റ്റിൻ.*

**എഡിറ്റോറിയൽ**

# യാത്രികർ പലതരം.... യാത്രകൾ പലവിധം

യാത്രികർ പലതരം യാത്രകൾ പലവിധം. എല്ലാവരും കാഴ്ചകൾ കാണാനല്ല പോകുന്നത്. എല്ലാവരും കാഴ്ചകൾ കാണുന്നുമില്ല. ചരിത്രത്തിലേക്കും ദൃശ്യങ്ങളിലേക്കും സംസ്കാരങ്ങളിലേക്കും മതങ്ങളിലേക്കും ഐതിഹാസികങ്ങളിലേക്കുമാണ് ഓരോരുത്തരും യാത്ര ചെയ്യുന്നത്. അതുകൊണ്ടുതന്നെ ഒരിടത്തേക്കുള്ള പലരുടെയും യാത്രകൾ പലതാകുന്നു.

ഒരുമിച്ച് ആരംഭിച്ച് വൻചരിത്രത്തിലേക്കുള്ള യാത്രയായിരുന്നെങ്കിലും ഭിന്ന രുചികൾ കൊണ്ടും കാഴ്ചപ്പാടുകൾകൊണ്ടും വഴിപിരിയേണ്ടി വന്നവരാണ് അബ്രാഹാമും ലോത്തും. സ്വത്തുടമസ്ഥതയിലും സ്വാർത്ഥതയിലും അധിഷ്ഠിതമായ ബന്ധങ്ങളുടെ മേധാവിത്വം എല്ലാ മാനവിക മൂല്യങ്ങളേയും ഇല്ലാതെയാക്കുന്നു. പച്ചത്തലപ്പുകൾ പാകിയ ജീവിതപാതയിലൂടെ നടന്നുകയറുമ്പോൾ അടിസ്ഥാനമുള്ള ഒരു നഗരത്തെക്കുറിച്ചുള്ള പ്രത്യാശ ലോത്തിൽ ഒരിക്കലും പ്രത്യക്ഷീഭവിച്ചിരുന്നില്ല. കനാന്യരുടെയും പെരിസ്യരുടെയും ഇടങ്ങളിൽവെച്ച് ദൈവപുരുഷനായ അബ്രാഹാമുമായി അതിർവല്ക്കരിക്കപ്പെടുമ്പോൾ അത് അനവധി കാലങ്ങളിലേക്ക് സംക്രമിക്കുന്ന അസ്വാസ്ഥ്യജനകമായ രേഖപ്പെടുത്തലായി മാറുമെന്ന് ലോത്ത് ഒരിക്കലും കരുതിയിരുന്നില്ല. മായാകാഴ്ചകളിലേക്കുള്ള ലോത്തിന്റെ പിഴച്ച കണ്ണുകളുടെ ചാട്ടം സ്വത്വശൈഥില്യത്തിനും സോദോംവരെ കൂടാരം മാറ്റിയടിക്കുവാനും അവിടെ താമസമുറപ്പിക്കുവാനും ഇടയാക്കി. ലോത്തിനെ ദൈവപുരുഷന്മാർ പട്ടണവാതിൽക്കൽ കാണുന്നത് അദ്ദേഹത്തിന്റെ പ്രശസ്തിയേയും പ്രകടനപരമായ ജീവിതത്തേയും സകലതും വെട്ടിപ്പിടിക്കുവാനുള്ള കാംക്ഷകളേയുമാണ് പ്രകടമാക്കുന്നത്. ഇത്തരുണത്തിൽ ഓർമ്മ വരുന്നത് ക്രിസ്തുവിനും ആയിരത്താണ്ടുകൾക്ക് മുമ്പ് പുതിയ മേച്ചിൽപ്പുറങ്ങൾ തേടിയിറങ്ങിയ ആര്യന്മാരെയാണ്. ലോകം മുഴുവൻ അവരുടേതു മാത്രമായ സംസ്കാരവും ജീവിതരീതികളും നിറയ്ക്കണമെന്ന് ആഗ്രഹിച്ച അവരുടെ ആദിപിതാക്കന്മാരുടെ മോഹജ്വാല ഇന്നും കെടാതെ പല രൂപത്തിലും നിലനിൽക്കുന്നു.

ജീവിതത്തിന്റെ തുടരണിപാതയിൽ ലോത്തിനെ വീഞ്ഞിന് അടിമയായി സ്വന്തം പെൺമക്കളെപ്പോലും തിരിച്ചറിയാൻ കഴിയാത്ത ആത്മാവ് നഷ്ടപ്പെട്ട ആസക്തിയുള്ള ശരീരത്തിന് അടിമയായി കാണുന്നത് ബൈബിൾ ചരിത്രത്തിലെ ഏറ്റവും ലജ്ജാകരമായ, ആപൽക്കരമായ അടയാളപ്പെടുത്തലാണ്. ഒടുവിൽ സോദോമിന്റെ കാന്തിക വലയത്തിൽനിന്നും ദൈവദൂതന്മാർ ലോത്തിനെ വേർപെടുത്തുമ്പോൾ ഭൗതികജീവിത്തോടുള്ള ആസക്തി ഒരു മനുഷ്യനെ എത്രമാത്രം മതിഭ്രമമുള്ളവനാക്കിത്തീർക്കുന്നു എന്നുള്ളതിന്റെ വ്യക്തമായ സൂചനയാണ് നമുക്ക് നൽകുന്നത്.

എന്നാൽ ദൈവപുരുഷനായ അബ്രാഹാം ചരിത്രത്തിലേക്ക് യാത്ര ചെയ്തതും വൻ ചരിത്രം ചമച്ചതും വിശ്വാസത്തിന്റെ ഉത്തുംഗസ്ഥാനത്ത് പ്രതിഷ്ഠിതമായതും തലമുറകൾക്കുവേണ്ടിയുള്ള ഓർമ്മപ്പെടുത്തലായി മാറിയതും ദൈവവുമായുള്ള നൈരന്തര്യംകൊണ്ടും ലാളിത്യംകൊണ്ടും ധാർമ്മികതകൊണ്ടും അനന്തതയെക്കുറിച്ചുള്ള പ്രത്യാശയുടെ പ്രത്യക്ഷീകരണംകൊണ്ടും ആണ്. ലളിതവും സാധാരണവും സ്വയം അഗണ്യവല്ക്കരിക്കപ്പെടുന്നതുമായ ജീവിതം കൂടുതൽ ആധികാരികമായിത്തീരുന്നത് ആത്മീയ മണ്ഡലങ്ങളിൽ വിഹരിക്കുന്നവർക്കുപോലും ഒരു സമസ്യയായിത്തോന്നാം. ന്യായാധിപസംഘത്തിൽ ഇടംനേടിയ ലോത്തിനോട് ഏറ്റവും അധാർമ്മികമായ ഒരു പ്രശ്നത്തിനുമുമ്പിൽ "മാറിനിൽക്ക, പരദേശി" എന്ന പരിഹാസത്തിന്റെ വാക്കുകൾ പുലമ്പുമ്പോൾ ഹിത്യർ അബ്രഹാമിനെ യജമാനനെ... എന്നു മാത്രമല്ല "ദൈവത്തിന്റെ പ്രഭു" എന്ന സമുന്നതമായ പദവിയും നൽകുന്നത് യാദൃച്ഛികമല്ല, തിരഞ്ഞെടുപ്പുകൊണ്ടും കാഴ്ചപ്പാടുകൊണ്ടും വ്യത്യസ്തനായിത്തീർന്ന അബ്രഹാമിന്റെ ജീവിതത്തിലെ ദൈവീകമായ ഇടപെടലുകളുടെ നിദർശനങ്ങളാണ്.

സോദോമും അതിന്റെ പുത്രീനഗരങ്ങളും ഭസ്മീകരിക്കപ്പെട്ടു എങ്കിലും ആധുനിക ലോകത്തിന്റെ ജീർണ്ണമായ മുഖം അതിന്റെ ശൂന്യാവശിഷ്ടങ്ങൾക്കുള്ളിൽ ഒളിഞ്ഞുകിടക്കുന്നു. എന്തായിരുന്നു ലോത്തിന്റെ അടിസ്ഥാനപരമായ ദൗർബല്യങ്ങൾ? പണം, പ്രശസ്തി, പ്രതാപം – ബൈബിളിന്റെ ഭാഷയിൽ പറഞ്ഞാൽ കൺമോഹം, ജഡമോഹം, ജീവനത്തിന്റെ പ്രതാപം. ഏദനിൽ ആരംഭിച്ച ഈ ജഡതകൾ പുരുഷാന്തരങ്ങളെ ഗ്രസിച്ച്, സംക്രമിച്ച് ഇന്ന് ഈ പുതിയ കാലഘട്ടത്തിൽ ആത്മീക വ്യക്തിത്വത്തിന്മേലും ശക്തമായ സ്വാധീനം ചെലുത്തിക്കൊണ്ടു നില്ക്കുന്നു.

ഈ കാലഘട്ടത്തിന്റെ ഏറ്റവും വലിയ ദുരവസ്ഥയാണ് ശത്രുവായവൻ ആത്മികതയെ ഇന്ദ്രിയാനുഭൂതികളാക്കി മാറ്റുവാനുള്ള ഗൂഢതന്ത്രങ്ങൾ. പിതാക്കന്മാർ നിഷ്ഠയോടെ കാത്തുസൂക്ഷിച്ച പ്രവർത്തനശൈലികളെവിട്ട് സിനിമയിലേക്കുള്ള ചുവടുമാറ്റം, ഉത്സവ സദൃശ്യമായ ദൃശ്യാവിഷ്കരണം, സംഗീതസദസ്സുകൾ, സാഹിത്യസദസ്സുകൾ ഇത്യാദി ..... ഇവയ്ക്ക് ഇന്ദ്രിയാനുഭൂതികൾ സൃഷ്ടിക്കുവാനല്ലാതെ അന്തരാത്മാവിനെ സ്പർശിക്കുവാൻ കഴിയുകയില്ല. ആരവമൊഴിഞ്ഞ ഉത്സവപിറ്റേന്ന് ഉത്സവസ്ഥലം വേദനയുണർത്തുന്നതാണ്. ഉത്സവത്തിനു വരുന്ന ആളുകളെകണ്ട് ഉണർവ്വാണെന്നു പറയുവാനും നമുക്കു മടിയില്ല. വിശ്വാസികളുടെ പിതാവായിട്ടാണ് അബ്രഹാമിനെ നാം കാണുന്നത്. ക്രിസ്തുവിൽ വിശ്വസിക്കുന്നവർ യെഹൂദന്മാരായാലും പുറജാതിയായാലും അബ്രഹാമിന്റെ മക്കൾ ആണ്. വിശ്വാസത്തിന്റെ മാതൃകാപുരുഷനാണ് അബ്രഹാം. ഒരു സമ്പന്നന്റെ ഹൃദയത്തിന്റെ ആന്തരികവ്യാപാരങ്ങൾ അബ്രഹാമിൽ നാം കാണുന്നില്ല. ദൈവം ശില്പിയായി നിർമ്മിച്ച അടിസ്ഥാനമുള്ള ,നഗരത്തെക്കുറിച്ച് ഉള്ള പ്രത്യാശയുടെ പ്രഭാവവും ഹൃദയവ്യാപാരങ്ങളും തന്റെ ജീവിതത്തിന്റെ സമസ്ഥ മണ്ഡലങ്ങളിലും നിറഞ്ഞുനിന്നതുകൊണ്ടാണ് വാഗ്ദത്തനാട്ടിൽ പരദേശിയായി കൂടാരങ്ങളിൽ പാർക്കുവാൻ ഇടയായത്.

പുതിയനിയമത്തിലേക്ക് വരുമ്പോൾ പൗലോസിന്റെ ജീവിതം ഒരു യാത്രയായിരുന്നില്ല. മറിച്ച് ഓട്ടമായിരുന്നു. ലോകം, ജഡം, പിശാച് എന്നീ ത്രിവിധ ശക്തികളുമായി പോർക്കളത്തിൽ പോരാടി ലക്ഷ്യത്തിലേക്ക് നീങ്ങുമ്പോൾ മുമ്പിലുണ്ടായിരുന്നത് ഇവിടെ ലഭിക്കുന്ന പുകഴ്ചയുടെ പാഴ്വാക്കുകളോ, പുരസ്കാരങ്ങളോ ആയിരുന്നില്ല. മറിച്ച് ക്രിസ്തുവിന്റെ നാൾ...... അന്നു ലഭിക്കുന്ന തേജസ്സും പുകഴ്ചയും മാനവും.... പ്രിയ ദൈവജനമെ? നാം എങ്ങോട്ടാണ് യാത്ര ചെയ്യുന്നത്. പുറംകാഴ്ചയുടെ പ്രലോഭനങ്ങളുമായി അർത്ഥമില്ലാതെ സഞ്ചരിക്കുന്നത് നമുക്ക് മതിയാക്കാം. വിശ്വാസത്തിന്റെ നായകനും പൂർത്തിവരുത്തുന്നവനുമായ യേശു...... അതെ അവൻ മാത്രമായിരിക്കട്ടെ നമ്മുടെ ലക്ഷ്യവും മാർഗ്ഗവും.

"നല്ല പോർ പൊരുതും ഞാൻ എൻ ക്രിസ്തൻ നാമത്തിൽ
വാടാകിരീടം പ്രാപിപ്പാൻ തൻ നിത്യരാജ്യത്തിൽ"

***ജോസ് ഫിലിപ്പ്***

**(കൊട്ടാരക്കര .......1 –ാം പേജിൽനിന്നും)**

ശ്രമിച്ചാൽ കാര്യങ്ങളുടെ നിജസ്ഥിതി ബോധ്യപ്പെടുന്നതാണ്. അറിവുകേടും ചിന്തയില്ലായ്മയുമാണ് ഈ നിലയിലുള്ള തെറ്റായ ചിന്തകൾക്ക് അടിസ്ഥാനം. കാര്യങ്ങൾ ശരിയായി ഗ്രഹിക്കുന്ന ഒരുവൻ ദൈവത്തിന്റെ സാമീപ്യവും നടത്തിപ്പും എപ്പോഴും ഗ്രഹിക്കുവാനും ദൈവത്തോട് അടുത്തിരിക്കുന്നതു തന്നെയാണ് നല്ലത് എന്ന നിഗമനത്തിൽ എത്തുവാനും, സങ്കീ. 73:28 ൽ ആസാഫിനു സാധിച്ചതുപോലെ, സാധിക്കും. ദൈവത്തെക്കുറിച്ച് നമ്മുടെ കഷ്ടതയുടെയും നിരാശയുടെയും വേളകളിൽ നമുക്ക് തോന്നുന്നതല്ല നാം വിശ്വസിക്കേണ്ടത്. പ്രത്യുത ദൈവവചനം ദൈവത്തെക്കുറിച്ച് വെളിപ്പെടുത്തിയിരിക്കുന്നവസ്തുതകളാണ് നാം വിശ്വസിക്കേണ്ടത്. യഹോവ നല്ലവൻ; അവൻ തന്റെ സകല പ്രവൃത്തികളിലും നീതിമാനും ദയാലുമാണ് എന്ന ദൈവവചനം നമുക്ക് വിശ്വസിച്ച് അവനിൽ ആശ്രയിക്കാം. അവിശ്വാസത്തിന്റെ വാക്കുകൾ സംസാരിക്കാതെ വിശ്വാസത്തിന്റെ വാക്കുകൾ സംസാരിപ്പാൻ നമുക്കു ശ്രദ്ധിക്കാം. ദൈവത്തെ സേവിക്കുന്നവർക്ക് നന്മ വരുമെന്ന് നിശ്ചയമായും നമുക്കറിയാമെന്ന് സഭാപ്രസംഗി 8:12; സദൃ. 23:17,18 വാക്യങ്ങൾ ഇതിനാധാരമായിരിക്കട്ടെ.

ദൈവത്തെ സംബന്ധിച്ചും ഭക്തി ജീവിതത്തെ സംബന്ധിച്ചും അവിശ്വാസത്തിന്റെയും അധൈര്യപ്പെടുത്തലിന്റെയും വാക്കുകൾ തമ്മിൽ തമ്മിൽ സംസാരിക്കുന്നവരുടെ ഇടയിൽ യഹോവ ഭക്തരായ ചിലർ തമ്മിൽ തമ്മിൽ സംസാരിക്കുന്നതായി 3:16 ൽ നാം കാണുന്നു. അത് വളരെ ശ്രദ്ധയോടെ യഹോവ കേട്ടു എന്നവിടെ രേഖപ്പെടുത്തിയിരിക്കുന്നു. കാതു കൂർപ്പിച്ച്, മുന്നോട്ട് ആഞ്ഞ് ശ്രദ്ധിച്ചു എന്നാണിതിന്റെ ശരിയായ ആശയം. ദൈവഹൃദയത്തെ വേദനിപ്പിക്കുന്ന നിലയിൽ ചിലർ സംസാരിക്കുമ്പോൾ ദൈവഹൃദയത്തിന് ആശ്വാസം നൽകുന്ന നിലയിൽ മറ്റു ചിലർ സംസാരിക്കുന്നത് ദൈവഹൃദയത്തിന് എത്ര കുളിർമ്മ ഏകുന്നു. ഏത് ദുഷ്ട തലമുറയിലും ദൈവത്തെ പ്രസാദിപ്പിച്ചു ജീവിക്കുന്ന ഒരു ന്യൂനപക്ഷം ഉണ്ടെന്നുള്ളത് ഒരു വലിയ യാഥാർത്ഥ്യമാണ്. ആ ന്യൂനപക്ഷത്തിലാണോ നാം എന്നതാണ് പ്രധാന ചോദ്യം. ഈ ഭക്തർ യഹോവയെ ഭയപ്പെടുന്നവരും അവന്റെ നാമത്തെ നമസ്ക്കരിക്കുന്നവരുമായിരുന്നു. അവരോടുള്ള ബന്ധത്തിൽ ദൈവം ചെയ്യുന്ന ചില കാര്യങ്ങൾ ശ്രദ്ധിക്കുക. വാക്യം. 16 – യഹോവ അവരെ ശ്രദ്ധയോടെ കേൾക്കുന്നു.

യഹോവ അവരെ ഓർക്കുന്നു– സ്മരിക്കുന്നു.

വാക്യം. 17 യഹോവ അവരെ തന്റേതായി അവകാശപ്പെടുന്നു. (ഇംഗ്ലീഷിൽ "They shall be mine" എന്ന് ഊന്നൽകൊടുത്ത് പറഞ്ഞിരിക്കുന്നു.

അവരെ തന്റെ നിക്ഷേപമായി യഹോവ കാണുന്നു.

യഹോവ അവരെ ആദരിക്കും.

നീതിമാനും ദുഷ്ടനും തമ്മിലുള്ള വ്യത്യാസം വ്യക്തമായി വെളിപ്പെടുന്ന ഒരു ദിവസം ഉണ്ടെന്ന് ഇവിടെ പഠിപ്പിക്കുന്നു. "ഞാൻ ഉണ്ടാക്കുവാനുള്ള ദിവസത്തിൽ" വാക്യം. 17, "അപ്പോൾ" വാക്യം 18 അതു സംഭവിക്കും.

**ദൈവഭക്തർ അന്ന് ആദരിക്കപ്പെടും. യോഹ. 12:26. അപ്രകാരം കർത്താവിന്റെ ശുശ്രൂഷ ചെയ്യുന്നവനെ പിതാവ് മാനിക്കുന്ന ഒരു ദിവസം വരുന്നു. അതുവരെ ദൈവഭക്തിക്കുവേണ്ടി വിലകൊടുത്ത്, തെറ്റിദ്ധരിക്കപ്പെട്ട് ഈ ലോകത്തിൽ ജീവിപ്പാൻ നമുക്കാവശ്യമുണ്ട്. എന്നാൽ ഭാവിയിൽ ഒരുനാൾ ദൈവഭക്തർ ആദരിക്കപ്പെടും.**

മുൻ അമേരിക്കൻ പ്രസിഡന്റ് തിയഡോർ റൂസ്വെൽറ്റ് വിനോദകരമായ നായാട്ട് കഴിഞ്ഞ് ആഫ്രിക്കയിൽ നിന്നും സ്വന്തദേശമായ അമേരിക്കയിലേക്ക് മടങ്ങിയെത്തുമ്പോൾ തന്നെ സ്വീകരിക്കുവാൻ വാദ്യമേളങ്ങളോടെ വലിയൊരുകൂട്ടം അമേരിക്കൻ തുറമുഖത്ത് കാത്തുനിന്നിരുന്നു. ആ കപ്പലിൽതന്നെ അമേരിക്കയിലേക്ക് മടങ്ങുകയായിരുന്ന സാമുവൽ മോറിസ് എന്ന മിഷനറിയെ സ്വീകരിക്കുവാൻ തുറമുഖത്ത് ആരും ഉണ്ടായിരുന്നില്ല. ഇതിൽ നിരാശ തോന്നിയ മിഷനറി പരാതി എന്നവണ്ണം പറഞ്ഞു. – "അനേക വർഷങ്ങൾ ദൈവസേവ ചെയ്ത് ആഫ്രിക്കയിൽ നിന്നും മടങ്ങുന്ന എന്നെ സ്വീകരിപ്പാൻ, ആദരിപ്പാൻ ആരും ഇല്ലല്ലോ". അപ്പോൾ തന്നോട് പറഞ്ഞു "മകനേ, നീ ഇതുവരെ സ്വന്ത നാട്ടിൽ എത്തിച്ചേർന്നിട്ടില്ല. നീ സ്വഭവനത്തിൽ എത്തുമ്പോൾ നീ ആദരിക്കപ്പെടും". ആ ദിവസം വരെ വിശ്വസ്തയോടെ കർത്താവിനെ സേവിച്ച് നമുക്ക് ജീവിക്കാം. തക്കസമയത്ത് ഒന്നും മറക്കാതെ കർത്താവ് പ്രതിഫലം തരും; നിശ്ചയം.

ഈ നിലയിൽ നീതിയിൻ കിരീടം ലക്ഷ്യമാക്കി ജീവിക്കുവാൻ അദ്ദേഹം ദൈവജനത്തെ ഉദ്ബോധിപ്പിച്ചു. കാരണം ഈ ലോകം തരുന്ന കിരീടങ്ങൾ വാടുന്നതാണ്.

### പ്രത്യേക പ്രാർത്ഥനയ്ക്ക്

ചേത്തയ്ക്കൽ : ഊട്ടുപാറ സ്ഥലംസഭാ സുവിശേഷകനായ സഹോ. ജോയി ഫിലിപ്പ് വലതുകാലിന്റെ മുട്ടിനു താഴെ നീരുബാധിച്ച് തിരുവല്ല മെഡിക്കൽ മിഷൻ ആശുപത്രിയിൽ ചികിത്സയിൽ കഴിയുന്നു. വൈ.എം.ഇ.എഫ് സൗത്ത് ഡിവിഷന്റെയും റാന്നി സെന്റർ വൈഎം.ഇഫിന്റെയും പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുക്കുന്ന ഈ പ്രിയ സഹോദരനെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

## വൈ.എം.ഇ.എഫ് വാർത്തകൾ

### കല്ലിശ്ശേരി സെന്റർ

ദൈവഹിതമായാൽ ഈ സെന്ററിന്റെ ചുമതലയിലും അങ്ങാടിക്കൽ തെക്ക് ബ്രദറൺ സഭയുടെ സഹകരണത്തിലും ഒരു ഏകദിന പ്രവർത്തനം 30.1.10 ന് രാവിലെ 9 മുതൽ വൈകിട്ട് 5.30 വരെ പൂമലച്ചാൽ, അങ്ങാടിക്കൽ തെക്ക് എന്നീ ഭാഗങ്ങളിൽ നടത്തുവാൻ ആഗ്രഹിക്കുന്നു. ദൈവജനം ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കയും സുവിശേഷ തൽപരരായ സഹോദരന്മാർ ഈ പ്രവർത്തനത്തിൽ പങ്കെടുക്കുകയും ചെയ്യണമെന്ന് കർത്തൃനാമത്തിൽ അഭ്യർത്ഥിക്കുന്നു. കൂടുതൽ വിവരങ്ങൾക്ക് ജോൺ തോമസ് 9446918942, സ്റ്റാൻലി ജേക്കബ് 9847532592.

*വഴി: എം.സി. റോഡിൽ ഐ.റ്റി.ഐ ജംഗ്ഷനിൽ നിന്നും കിടങ്ങന്നൂർക്കുള്ള റൂട്ടിൽ 400 മീറ്റർ സഞ്ചരിച്ചാൽ അങ്ങാടിക്കൽ തെക്ക് ബ്രദറൺ സഭാഹാളിൽ എത്തിച്ചേരാവുന്നതാണ്.*

## സഭാവാർത്തകൾ

**കടലൂർ:** ദൈവകൃപയാൽ ഇവിടെയുള്ള സഭയുടെ പ്രവർത്തനങ്ങൾ അനുഗ്രഹകരമായി തുടരുന്നു. 2010 ജനുവരി 2,3 തീയതികളിൽ പ്രത്യേക യോഗങ്ങൾ നടന്നു. സഹോ. വർഗീസ് ജോൺ വചനം പ്രഘോഷിച്ചു. നാലുപേരുടെ സ്നാനശുശ്രൂഷയും നടക്കുവാൻ കർത്താവ് കൃപ ചെയ്തു. ഇവിടെ പ്രവർത്തിക്കുന്ന സഹോദരൻ വയോധികനെങ്കിലും തന്റെ ശുശ്രൂഷ തുടരുന്നു. അനാരോഗ്യത്തിലും കർത്താവ് കൃപ ചെയ്യുന്നു. തുടർന്നും ഇവിടെയുള്ള ശുശ്രൂഷകളെ ദൈവജനം പ്രാർത്ഥനയിൽ ഓർക്കുക.

*ജെ.പി. ഇമ്മാനുവേൽ*

**വരേണിക്കൽ :** ആലപ്പുഴ ജില്ലയിൽ വരേണിക്കൽ എന്ന സ്ഥലത്ത് 2007 സെപ്തംബറിൽ ഒരു പുതിയ കൂടിവരവ് ഉണ്ടാകുവാൻ കർത്താവ് അനുവദിച്ചു. സഹോദരന്റെ സ്ഥലത്ത് ഒരു ഹോളും അതിനോടു ചേർന്ന് തനിക്കു താമസിക്കുവാനുള്ള സൗകര്യവും നിർമ്മിക്കുവാനാഗ്രഹിക്കുന്നു. ദൈവജനം ഈ വിഷയത്തെ ഓർത്ത് പ്രാർത്ഥിക്കുക. എം.പി. ഗംഗാധരൻ

**നാതം (ഡിൻഡുക്കൽ) :** ഇവിടെ ഒരു സ്ഥലംസഭയുണ്ട്. സഭാഹോളും അവിടെയുള്ള സുവിശേഷകനു താമസിക്കാനുമായി ഒരു വീടും നിർമ്മിക്കുവാനാഗ്രഹിക്കുന്നു. ഈ ആവശ്യങ്ങൾ ഓർത്ത് ദൈവജനം പ്രാർത്ഥിക്കുക. *ഡി. പോൾരാജ്*

### സുവിശേഷകന്മാരുടെ പ്രതിമാസ പ്രാർത്ഥനായോഗം

**കൊട്ടാരക്കര:** ദൈവഹിതമായാൽ സുവിശേഷകന്മാരുടെ പ്രതിമാസ പ്രാർത്ഥനായോഗം 2010 ഫെബ്രുവരി 2 ചൊവ്വ രാവിലെ 10 മണി മുതൽ കൊട്ടാരക്കര ബ്രദറൺ ഗോസ്പൽഹാളിൽവെച്ച് നടക്കുന്നതാണ്. കർത്തൃദാസന്മാർ പ്രാർത്ഥനാപൂർവ്വം കടന്നുവന്ന് സഹകരിക്കുവാൻ താൽപര്യപ്പെടുന്നു. *സാം സക്കറിയ*

### ഗോസ്പൽ പെനിട്രേഷൻ കാമ്പയിൻ

**സത്ന:** 2010 ഫെബ്രുവരി 9 മുതൽ 12 വരെ മദ്ധ്യപ്രദേശിലെ ബാൻമോറിൽ സുവിശേഷം അറിയിക്കുവാനാഗ്രഹിക്കുന്നു. ഗ്വാളിയാറിൽ നിന്നും 18 ക.മീ അകലെയുള്ള സ്ഥലമാണിത്. ദൈവജനം ഈ ശുശ്രൂഷയുടെ അനുഗ്രഹത്തിനായി പ്രാർത്ഥിക്കുക. *വി.എ. ആന്റണി*

### പ്രത്യേക പ്രാർത്ഥനയ്ക്ക്

**ബസ്സർ ബ്ലയിൻഡ് സർവ്വിംഗ് ഫ്രണ്ട്** എന്ന സംഘടനയുടെ തണലിൽ താമസിക്കുന്ന അന്ധരായ ദൈവമക്കൾ സുൽത്താൻബത്തേരിയിലുള്ള ബ്രദറൺ സഭയോടുചേർന്ന് ദൈവത്തെ ആരാധിച്ചുവരുന്നു. പ്രവർത്തനവ്യാപ്തി ലക്ഷ്യമാക്കി പന്തളത്തു കൊരമ്പാല എന്ന സ്ഥലത്ത് ഒരു പുതിയ താമസസൗകര്യംകൂടെ ക്രമീകരിപ്പാൻആഗ്രഹിച്ചു പ്രാർത്ഥിച്ചുവരുന്നു. ആയതിലേക്ക് ആവശ്യമായ സ്ഥലം രജിസ്റ്ററുചെയ്യാൻ കർത്താവു സഹായിച്ചു. തുടർന്നുള്ള ആവശ്യങ്ങളെയോർത്ത് ദൈവജനം പ്രാർത്ഥിക്കുക.

സെൽവരാജ് (ഡയറക്ടർ)


**TIRUVALLA MEDICAL MISSION**
P.O.Box.No. 50, Tiruvalla 689 101.
Ph. 0469 2630144/45/46 email: tmmhosp@satyam.net.in

**WANTED**

| Post | Location | Qualification |
|---|---|---|
| Neonatologist | Tiruvalla | MD/DM/DCH/DNB (Neonatology) |
| Physician | Mannamaruti & Vazhoor | MD |
| Paediatrician | Tiruvalla | MD/DCH |
| Junior Doctors | Tiruvalla, Mannamaruti, Vazhoor | MBBS |
| RMO | Mannamaruti & Vazhoor | MBBS with experience |
| PRO | Tiruvalla | MSW/Graduates with communication skill |
| Dialysis Asst. | Tiruvalla | Diploma Holders |
| Electrician cum Plumber | Tiruvalla | ITI/Diploma with experience |
| Pharmacy Asst. | Tiruvalla & Mannamaruti | B.Pharm/D.Pharm. |
| Lab. Asst. | Tiruvalla | BMLT/ DMLT |

**Apply to the Administrator within 10 days.**


## സുവിശേഷ മഹായോഗം

### ഊരമന

**സ്ഥലം: ബെഥേൽ ബ്രദറൺ സഭാഹാളിനു സമീപം**
**തീയതി: 2010 ജനുവരി 29 വെള്ളി മുതൽ 31 ഞായർ** വരെ ദിവസവും വൈകിട്ട് 6 മുതൽ 9 വരെ. **പ്രസംഗകർ: ചാണ്ടപ്പിള്ള ഫിലിപ്പ്, കെ. ബിജു** യോഗാനുഗ്രഹങ്ങൾക്കായി എല്ലാ ദൈവമക്കളും പ്രാർത്ഥിക്കാൻ അപേക്ഷിക്കുന്നു.

*ഭാരവാഹികൾ*

*(ദൈവത്തിന്റെ ദയ ........ 1 –ാം പേജിൽനിന്നും)*

മാറ്റപ്പെട്ട ദൈവീകദയ! ഈ ദയ മറ്റുള്ളവരിലേക്ക് പകരണം എന്നുള്ളതായിരുന്നു ദാവീദിന്റെ ആഗ്രഹം. ദാവീദ് കാട്ടിത്തന്ന ദയ എത്ര മാതൃകയുള്ളതാണ്. ശത്രുവിന്റെ കുടുംബത്തിലേക്ക് ഒഴുകിയ ദൈവീക ദയയുടെ മാതൃക ഇവിടെ ദർശിക്കാം. ദാവീദ് മെഫീബോശെത്തിൽ നിന്നും ഒന്നും തിരികെ പ്രതീക്ഷിച്ചില്ല. മെഫീബോശെത്തിനും കുടുംബത്തിനും ചിന്തിക്കാവുന്നതിലും അപ്പുറമുള്ള കൊട്ടാര സൗകര്യങ്ങൾ ദാവീദ് ഒരുക്കിക്കൊടുത്തു. മെഫീബോശെത്തിന് 'കൈ കഴുകി ഇരുന്നാൽ മതി'. ബാക്കിയുള്ള സകല കാര്യങ്ങളും ദാവീദിന്റെ ഭൃത്യന്മാർ ചെയ്തുകൊടുക്കുമായിരുന്നു. ദാവീദിന്റെ ജോലിക്കാർ അദ്ധ്വാനിക്കുന്നു, മെഫീബോശെത്ത് അനുഭവിക്കുന്നു. ഇത് ദൈവിക ദയയുടെ ഒരു ചെറിയ ഉദാഹരണം മാത്രമാണ്.

ദാവീദിനെപ്പോലെ ചെയ്യുവാൻ നാമും കടപ്പെട്ടവരാണ്. ദയ ലഭിച്ചവരായ നമ്മുടെ ചുറ്റും ദയയെപ്രതീക്ഷിച്ചു കഴിഞ്ഞുകൂടുന്ന എത്ര സമവിശ്വാസികൾ നാം ആയിരിക്കുന്ന സഭയിൽ ഉണ്ട്? സ്വജനത്തെ കാണാതെ നാം നടക്കരുത്. നമ്മുടെ സുഭിക്ഷം അവരുടെ ദുർഭിക്ഷത്തിന് ഉതകണം. നമുക്കുള്ളതെല്ലാം ദയയിൽ കൂടിയാണ് ലഭിച്ചതെങ്കിൽ അവയെല്ലാം നമുക്കുള്ളതല്ല. മറ്റുള്ളവരോട് ദയ കാണിക്കുവാൻ നമ്മുടെ പക്കൽ അവ ഏല്പിച്ചിരിക്കയാണ്. ദൈവത്തിന്റെ ദയയെ പ്രകടമാക്കുവാൻ ദൈവം ഉപയോഗിക്കുന്ന പാത്രങ്ങൾ നമ്മൾ മാത്രമാണ്. നാം ദയ ഇല്ലാത്തവരായാൽ മറ്റുള്ളവർ എങ്ങനെ ദയ അനുഭവിക്കും. നാം മറ്റുള്ളവരോട് ദയ കാണിക്കുമ്പോൾ ദൈവം നമ്മോടും നമ്മുടെ തലമുറയോടും കൂടുതൽ ദയ കാണിക്കും. നാം ക്രൂരന്മാരായാൽ ദൈവം നമ്മോടും ക്രൂരത കാണിക്കും. ദൈവത്തിന്റെ ദയ കാണിക്കുന്നവർക്ക് ഒരുനാളും മുട്ടുണ്ടാകുകയില്ല.

പണത്തിന് വാങ്ങുവാൻ കഴിയാത്ത എത്രയെത്ര ദയകൾ നമുക്കു ലഭിച്ചിട്ടുണ്ട്? ആർക്കും ഒന്നും കൊടുക്കാതെ ആരോടും ദയ കാണിക്കാതെ ഒരാൾ ഏറെ കൂട്ടിവെച്ചു എന്നു കരുതുക ഒരു ക്യാൻസർ വന്നാൽ ഈ സ്വരൂപിച്ചു കൂട്ടിയത് എല്ലാം നൽകിയാലും ഈ ക്യാൻസർ മാറിക്കിട്ടുമോ? ദയ ലഭിച്ചവരായ നാം ദയയെ ഓർത്ത് വാക്കുകൾ കൊണ്ട് നന്ദി പറയുക മാത്രമല്ല അത് പ്രവൃത്തി പഥത്തിൽ കാണിക്കുകയും വേണം. 25 ലക്ഷം മുടക്കി ഒരാൾ ശ്വാസകോശത്തിന് ഓപ്പറേഷൻ ചെയ്തപ്പോഴും അനേകലക്ഷങ്ങൾ മുടക്കിയിട്ടും മാറിക്കിട്ടാത്ത ക്യാൻസറുമായി വേറൊരാൾ മല്ലിടുന്നത് കണ്ടപ്പോഴും ദൈവം നമ്മോട് കാണിച്ച ദയയുടെ വലിപ്പം ഞാൻ ഓർത്തുപോയി. പണത്തിന് വില കൊടുത്തു വാങ്ങുവാൻ കഴിയാത്ത എത്രയെത്ര വിലയേറിയ ദയയുടെ ഉടമകളാണ് നാം ഓരോരുത്തരും! അനേകരോട് ദയ കാണിക്കുന്ന ഒരു സഹോദരന്റെ മകന് മെഡിക്കൽ കോളേജിൽ പഠിക്കുവാൻ പ്രവേശനം ലഭിച്ച വാർത്തകേട്ട് ഞാൻ ഓർത്തു. 'എന്റെ ദൈവം കാണിക്കുന്ന ദയയുടെ ഒരംശം മാത്രമാണിത്. നാം ഓരോരുത്തരും സുഖമായും സന്തോഷമായും ജീവിക്കുന്നത് ദൈവിക ദയയുടെ വലിപ്പം കാരണമാണ് എന്നുള്ളത് മറക്കരുത്.

സഭയിൽ വായിച്ചു കേൾക്കുന്ന അഭ്യർത്ഥനകളും മാസികകളിൽകൂടി വായിക്കുന്ന സഹായ അപേക്ഷകളും നാം കേൾക്കുകയും വായിക്കുകയും ചെയ്യുമ്പോൾ അവയിൽ നമുക്ക് ഒരു ബന്ധവും ഇല്ലായെന്ന് വിചാരിക്കരുത്. നമ്മുടെ സമവിശ്വാസികളോട് ദയ കാണിക്കുവാൻ ദൈവം നേരിട്ടു നമ്മോട് കല്പിക്കുന്ന കല്പനകളാണിവ എന്ന് മറക്കരുത്. നാം ദയ കാണിച്ചില്ല എങ്കിൽ ദൈവം വേറെ വഴിയായി അവരുടെ ആവശ്യങ്ങളെ നിറപടിയായി നിവർത്തിക്കും. എന്നാൽ നാമും നമ്മുടെ തലമുറയും അതിന് വില കൊടുക്കേണ്ടിവരും.

ദയ കാണിക്കുമ്പോൾ ശ്രദ്ധിക്കേണ്ടുന്ന ചില നിബന്ധനകൾ താഴെ ചേർക്കുന്നു

1. അർഹതയുള്ളവരോട് ദയ കാണിക്കുക. പ്രത്യേകാൽ സഹോദര വർഗ്ഗത്തെ മറക്കരുത്.

2. ആർക്കെങ്കിലും ദയ കാണിച്ചാൽ വേറെ ഒരു ചെവി അത് അറിയരുത്.

3. ആരോട് ദയ കാണിച്ചാലും അവരിൽ നിന്നും ഒന്നും തിരികെ പ്രതീക്ഷിക്കരുത്.

4. ദയ കാണിക്കുന്നതിൽ മടുത്തു പോകരുത്.

5. പ്രാപ്തിക്കു മീതെയും ദയ കാണിക്കുക.

6. ദൈവജനം ദൈവത്തിന്റെ ദയയെപ്പറ്റി കൂടുതൽ പഠിക്കണം. അതിലെ പ്രത്യേകതകൾ മനസ്സിലാക്കണം എന്നിട്ട് അവ നമ്മുടെ ജീവിതത്തിൽ പ്രായോഗികമാക്കണം

### കർത്തൃസന്നിധിയിൽ

**പറവൂർ:** വെടിമറയിൽ മുണ്ടപ്പുഴ എം.ജെ. ചെറിയാൻ (74) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ പിതാവിന്റെ ഭൗതികശരീരം പറവൂർ ബ്രദറൺ സഭാ സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**തലപ്പാടി:** താന്നിക്കൽ റ്റി.പി. ജോണിന്റെ സഹധർമ്മിണി സാറാമ്മ (73) കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു.. പ്രിയ മാതാവിന്റെ ഭൗതികശരീരം അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ ബ്രദറൺ സഭാ സെമിത്തേരിയിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**നാരങ്ങാനം:** ഇലന്തൂർ പരിയാരം സഭാംഗവും തെക്കേതിൽ കുടുംബാംഗവുമായ പി.എം. തോമസ് (ഉണ്ണൂണ്ണി 98) 15.1.10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ പിതാവിന്റെ ഭൗതികശരീരം 16.1.10 ന് ഇലന്തൂർ പരിയാരം ബ്രദറൺ സഭയുടെ ചുമതലയിൽ ആ സഭാ സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽസംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക

**കുറ്റിക്കോണം** (പുനലൂർ): കുറ്റിക്കോണം ബ്രദറൺ സഭയിലെ മൂപ്പന്മാരിൽ ഒരാളുമായ മുണ്ടനിൽക്കുന്നതിൽ കുടുംബാംഗവുമായ എം.എം. ചാക്കോ 16.1.10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ പിതാവിന്റെ ഭൗതികശരീരം



23.1.10 ന് കുറ്റിക്കോണം ബ്രദറൺ സഭയുടെ ചുമതലയിൽ ആ സഭാ സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

**എറണാകുളം:** കലൂരിൽ ഷെൽറ്റർ വീട്ടിൽ റ്റി. ജോൺസന്റെ (കുമ്പനാട്ട് കുഴിയിടത്തിൽ തമ്പി) സഹധർമ്മിണി ഗ്രേസ് ജോൺസൺ (74-അങ്കമാലി ഇടച്ചേരിൽ കുടുംബാംഗം) 19.1.10 ന് കർത്തൃസന്നിധിയിൽ ചേർക്കപ്പെട്ടു. പ്രിയ മാതാവിന്റെ



ഭൗതികശരീരം 21.1.10 ന് എറണാകുളം നോർത്ത് ബ്രദറൺ അസംബ്ലിയുടെ ചുമതലയിൽ ആ സഭയുടെ ചിറ്റൂരിലുള്ള സെമിത്തേരിയിൽ അനേക ദൈവമക്കളുടെ സാന്നിദ്ധ്യത്തിൽ സംസ്കരിച്ചു. ദുഃഖത്തിലിരിക്കുന്ന കുടുംബാംഗങ്ങളെ പ്രാർത്ഥനയിൽ ഓർക്കുക.

തുടർച്ച

# യഹോവേ, രക്ഷിക്കേണമേ.....

ജോർജ്ജ് സി. വർഗീസ്

ഈ അടുത്ത സമയത്ത് 'ധർമ്മദീപ്തിയിൽ' കർത്തൃദാസൻ ആർ. കൃഷ്ണൻകുട്ടി സഹോദരൻ തന്റെ പത്രാധിപലേഖനത്തിൽ അതിന്റെ ഒരു ചെറിയ വിവരണം കൊടുത്തിട്ടുണ്ട്. ഇനിയും ഈ കാര്യങ്ങളെ ഒന്ന് ലിസ്റ്റ് ചെയ്താൽ അതിനോടു കൂട്ടിച്ചേർക്കാൻ ധാരാളമുണ്ട്. ഒരു സ്ഥലം സഭയിലെ ചുമതലപ്പെട്ട സഹോദരൻ കർത്തൃമേശയിൽ ശുശ്രൂഷിക്കുന്നു. എന്നാൽ വീട്ടിൽ വന്നാൽ ഭാര്യയെ ചതയ്ക്കുന്നു (മർക്കൊ. 5 ലെ ഭൂതഗ്രസ്ഥന്റെ പണി. സ്വന്തം ശരീരത്തെ ചതയ്ക്കുകയാണ്. അപ്പോൾത്തന്നെ ഒന്നും സംഭവിക്കാത്ത മട്ടിൽ സഭയിൽ ശുശ്രൂഷിക്കുന്നു. മറ്റു ചിലർ സഭയിലെ ചില സഹോദരന്മാരുമായി യാതൊരു മിണ്ടാട്ടവുമില്ല, മുഖത്തോടുമുഖം നോക്കുകയില്ല, പക്ഷേ ക്രമമായി മേശയിൽ സംബന്ധിക്കുന്നു. അതിൽ യാതൊരു മനോവേദനയുമില്ല. ഒന്നും സംഭവിക്കാത്തമട്ടിൽ വർഷങ്ങളായി തുടരുകയാണ്. ചില കർത്തൃദാസന്മാർ നമ്മുടെ നിലവിലുള്ള എല്ലാ ഫണ്ടുകളിൽനിന്നും കൂട്ടായ്മ സ്വീകരിക്കുന്നുണ്ട്. സാമ്പത്തികമായി നല്ല നിലവാരത്തിൽ. അപ്പോൾത്തന്നെ പണസമ്പാദനത്തിനുള്ള വ്യഗ്രത നിമിത്തം അഭ്യർത്ഥനകളിലെ കുത്തൊഴുക്കുകൾ. ഒരാളുടെ തന്നെ പ്രവർത്തനറിപ്പോർട്ടും ധനാഭ്യർത്ഥനയും ഏഴ് മാസികകളിൽ കണ്ടു. ഒരേ വാചകങ്ങൾ. ഇതുകൊണ്ടും തീർന്നില്ല. വിദേശരാജ്യങ്ങളിലുള്ള 'തരക്കേടില്ലാത്ത'വരുടെ മേൽവിലാസം ശേഖരിച്ചും എഴുത്തോടെഴുത്ത്. അല്പം താമസിച്ചുപോയാൽ വീണ്ടും എഴുതി ഓർമ്മിപ്പിക്കും. ഇതിൽ ഒട്ടും അതിശയോക്തിയില്ല. അനുഭവസ്ഥരിൽക്കൂടറിഞ്ഞ കാര്യങ്ങളാണ്. അതു മനസ്സിലാക്കിയ നാട്ടിലെ ഒരു സഹോദരൻ പറഞ്ഞ കാര്യം നമ്മെ ചിന്തിപ്പിക്കണം. 'K.S.R.T.Cകാർ തിരുവനന്തപുരം, കിളിമാനൂർ സർവ്വീസ് നടത്തുമ്പോൾ രഹസ്യമായി, അനുവാദമില്ലാതെ പാരലൽ സർവ്വീസ് നടത്തുന്നവർ. സുവിശേഷപ്രവർത്തനങ്ങൾക്കു പകരമായി എഴുത്താണ് ജോലി. ഫണ്ടുകാർ ആരും ഇതറിയുന്നുമില്ല. യഹോവ എന്റെ ഇടയനാകുന്നു. എനിക്കു മുട്ടുണ്ടാകയില്ല എന്നു പറകയും, പഠിപ്പിക്കയും ചെയ്യുന്നു. അപ്പോൾത്തന്നെ ഈ ഇടയന് എന്റെ കാര്യങ്ങൾ നടത്തിത്തരുവാൻ മതിയായവനല്ല എന്ന് ലോകത്തോടും അവർ പ്രഖ്യാപിക്കുകയാണ്. 'അനുഗ്രഹത്തിനധിപതിയേ അനന്തകൃപ പെരുംനദിയേ' എന്ന് കർത്തൃദാസൻ പാട്ടെഴുതിയ കാലഘട്ടത്തിലെ 'ആത്മീയം' എവിടെ. ഇപ്പോഴത്തെ ആത്മീയത്തിന്റെ നിലവാരം എവിടെ? ഇടയനെ അപമാനിക്കുന്ന ആടുകൾ! 'നിങ്ങളുടെ വഴികളെ വിചാരിച്ചു നോക്കുവിൻ'

അടുത്ത ദിവസം വീട്ടിൽ വന്ന ഒരു മാസികയിലെ കർത്തൃദാസന്റെ ഭവനസന്ദർശനത്തിനു ശേഷമുള്ള വിവരണം വായിച്ചത് ഇപ്രകാരമാണ് " ഭാര്യയും ഭർത്താവും മാത്രമുള്ള ഒരു ഭവനത്തിലേക്ക് കർത്തൃദാസന് പോകേണ്ട ആവശ്യമുണ്ടായി. അവിടെ ചെന്ന് അദ്ദേഹം കോളിംഗ്ബെൽ അടിച്ചു. ഗൃഹനാഥൻ വാതിൽ തുറന്നു. ആഗതൻ അകത്തേക്ക് കയറി. ഊണുമുറിയിൽ മേശപ്പുറത്ത് 'ഊണുതയ്യാർ' എന്നൊരു ബോർഡ് വെച്ചിരിക്കുന്നതുകണ്ടു. സാധാരണ ഇങ്ങനെയുള്ള ബോർഡുകൾ ഹോട്ടലുകളിലാണ് കാണാറുള്ളത്. ഈ വീടും ഇപ്പോൾ ഹോട്ടലായി മാറി. കാരണം ഭാര്യയും ഭർത്താവും തമ്മിൽ സംസാരിക്കയില്ല. നമ്മുടെ പല ഭവനങ്ങളിലേയും സ്ഥിതി - പലർക്കും തല ചായ്ക്കാനൊരിടം, ഭക്ഷണം കഴിക്കാനുള്ള ഒരു സ്ഥലം മാത്രമാണ് ഭവനം. കുടുംബം എന്ന വാക്കിന്റെ ഏറ്റം ലളിതമായ നിർവചനം കൂടുമ്പോൾ ഇമ്പം എന്നാണ്. ഇപ്പോൾ എങ്ങനെയാണ്? കൂടുമ്പോൾ ഇമ്പമാണോ, ഭൂകമ്പമാണോ? വിട്ടുവീഴ്ചയില്ലാത്ത മനോഭാവമാണ്, അത് സഭയായാലും, ഭവനമായാലും - ബന്ധങ്ങൾ ശിഥിലമാകാൻ കാരണം നമ്മുടെ പല ഭവനങ്ങളിലും അമ്മായിയമ്മയും മരുമക്കളും തമ്മിലുള്ള ശീതസമരമുണ്ട്. വെടിയൊച്ചകൾ പുറത്ത് അധികം കേൾക്കുന്നില്ലെന്ന് മാത്രം. രൂത്തും നവോമിയും പോലെയുള്ള മാതൃകാപരമായ സഹവർത്തിത്ത്വം ഹൃദ്യമായുള്ള ജീവിതവും ഇന്നു പുസ്തകത്തിൽ മാത്രം. ഈ നിലയിലുള്ള ജീവിതം ഇന്ന് ഭവനങ്ങളിൽനിന്ന് അന്യമായിക്കൊണ്ടിരിക്കുന്നു. സഭകളിൽ ഭിന്നതകൾ ഏറിവരികയാണ്. അല്പം വിട്ടുവീഴ്ച ചെയ്താൽ തീരാവുന്ന കാര്യങ്ങൾ വിട്ടുകൊടുക്കുവാൻ തയ്യാറല്ലാത്തതുകൊണ്ട് വിഷയങ്ങൾ രൂക്ഷമായിത്തന്നെ തുടരുകയാണ്. .തൽഫലമായി സഭകൾ ഭിന്നിച്ചു പിരിയുന്നു. വളരുന്തോറും പിരിയുക. പിരിയുന്തോറും വളരുക എന്ന രാഷ്ട്രീയ പാർട്ടിയുടെ പിരിച്ചിലിനെക്കാൾ മോശമായ പിരിച്ചിലുകൾ നമ്മുടെ സമൂഹത്തിൽ കാണുവാൻ സാധിക്കുന്നു. ഇത് വളർന്നിട്ടുള്ള പിരിച്ചിലല്ല മറിച്ച് പിളർന്ന് പിളർന്നുള്ള വളർച്ചയാണ്. വിശ്വാസികളിൽപോലും വിവാഹമോചനം ഏറിവരുന്നു. 128-ാം സങ്കീർത്തനം വിവാഹവേദിയിലെ ആശംസാസൂക്തങ്ങൾ മാത്രമായി ഒതുങ്ങിയിരിക്കുന്നു. 'യഹോവേ രക്ഷിക്കേണമേ. ഭക്തന്മാർ ഇല്ലാതെ പോകുന്നു'.

'അതിരാവിലെ തിരുസന്നിധി അണയുന്നോരീസമയേ' എന്ന പാട്ടോടുകൂടിയ നമ്മുടെ കുടുംബപ്രാർത്ഥനകൾക്കുള്ള സ്ഥാനം ഇന്ന് എവിടെയാണ്? മാതാപിതാക്കളും മക്കളും ഒരുമിച്ച് ചേർന്നുള്ള കുടുംബപ്രാർത്ഥനകൾ പല ഭവനങ്ങളിലും അന്യമായിക്കൊണ്ടിരിക്കയാണ്. അയൽവാസികൾ നമ്മുടെ ഭവനങ്ങളിൽ നിന്നും ഒരു പാട്ടിന്റെ ശബ്ദം കേൾക്കാറുണ്ടോ? ടി.വി യു കംപ്യൂട്ടറും ട്യൂഷനുമെല്ലാം നമ്മുടെ സമയത്തിന്റെ ഭൂരിഭാഗവും അപഹരിച്ചു കഴിഞ്ഞില്ലേ? ഒന്നിനും സമയം ഇല്ല. സ്ഥലംസഭകളിലെ ഇടദിവസങ്ങളിലെ കൂടിവരവുകൾക്ക് നാമമാത്രമായി മാത്രമേ ആളുകൾ പങ്കെടുക്കാറുള്ളു. 'hours for the world, moments for the Lord' - Spurgen) എന്നാൽ ഒരു ക്രിക്കറ്റ് കളിയോ ഒളിമ്പിക്സ് മത്സരങ്ങളോ ഉണ്ടെന്നു കേട്ടാൽ പ്രായഭേദമന്യെ എല്ലാവരും ആ വിഡ്ഢിപ്പെട്ടിയുടെ മുമ്പിൽ ഉണ്ടാകും. ഏതു സമയമായാലും ഒരു പ്രശ്നവുമില്ല. സ്റ്റേഡിയത്തിലെ താരങ്ങളുടെ ഓട്ടവും ചാട്ടവും സ്കോറും എല്ലാം കൊച്ചുകുഞ്ഞുങ്ങൾക്കു പോലും നല്ല നിശ്ചയമാണ്. അവരുടെ പേരുകൾ അവരുടെ നാവിൻതുമ്പിലും. എന്നാൽ ദൈവത്തിന് ഈ കാര്യത്തിലുള്ള താൽപര്യം എന്താണ്. 'അശ്വബലത്തിൽ അവന് ഇഷ്ടം തോന്നുന്നില്ല, പുരുഷന്റെ ഉരുക്കളിൽ പ്രസാദിക്കുന്നുമില്ല'

*(തുടരും)*

## ടി.വി. ചാനലുകളിൽ

**സത്ഗമയ ടോക് ഷോ പ്രോഗ്രാം**

കൈരളിയുടെ ന്യൂസ് ചാനലായ പീപ്പിൾ ചാനലിൽ എല്ലാ വെള്ളിയാഴ്ചയും (മലയാളം) 5.30-6.00 p.m.വരെ; തിങ്കളാഴ്ച 6.00-6.30 a.m.സി ടിവിയിൽ (ഹിന്ദി)

**ജീവാമൃതം**

എല്ലാ ശനിയാഴ്ചയും രാത്രി 9 മണി മുതൽ പവ്വർ വിഷൻ ചാനലിൽ സഹോ. ചാണ്ടപ്പിള്ള ഫിലിപ് ദൈവവചനം സംസാരിക്കുന്നു.

ചിന്താവിഷയം

# പറഞ്ഞുതീരാത്ത ദാനം

2 കൊരി 9:15 ൽ കാണുന്ന പ്രസ്താവനയിൽ ഉള്ളടക്കം ചെയ്തിരിക്കുന്നതുപോലെയുള്ള ഒരു ദാനം ആർക്കും നൽകുവാൻ കഴിഞ്ഞിട്ടില്ല. ആ ദാനം 2000 വർഷങ്ങൾക്കു മുന്നെ ലോകത്തിനു ദൈവം നൽകി. അത് ഏറ്റുവാങ്ങിയ കോടാനുകോടി വിശുദ്ധന്മാർ മരിച്ചുപോയി. കോടികൾ ഇന്നും ഈഭൂപ്പരപ്പിൽ ജീവിക്കുന്നു. ഇനിയും അനേകർ ആ ദാനം സ്വീകരിപ്പാൻ ഇരിക്കുന്നു. ആ ദാനത്തെക്കുറിച്ച് അപ്പൊസ്തലനായ പൗലോസ് പറഞ്ഞു., "അത് പറഞ്ഞുതീരാത്ത ദാനം" ആണെന്ന്. ഈ ദാനത്തെക്കുറിച്ച് എത്രയോ ഭക്തന്മാർ പാടി. എത്രയോ ഭക്തന്മാർ പ്രസംഗിച്ചു. എന്ത്രയോ ഭക്തന്മാർ ഇന്നും എഴുതിക്കൊണ്ടിരിക്കുന്നു. എന്നിട്ടും തീർന്നില്ല. ദൈവദൂതൻ പറഞ്ഞു, സർവ്വജനത്തിനും ഉണ്ടാവാനുള്ളോരു മഹാസന്തോഷമാണെന്ന്. എന്നിട്ടും സംശയിക്കുന്നവർ ഇന്നും ഇല്ലേ?

ഒരിക്കൽ ഒരു യുവാവ് തനിക്കു വിവാഹനിശ്ചയം ചെയ്തിരുന്ന സുന്ദരിയായ യുവതിക്ക് ഒരു വജ്രമോതിരം സമ്മാനിച്ചു. അത് നല്ല വണ്ണം പ്രകാശിക്കുന്നതായിരുന്നു. ഒരു ദിവസം വക്രഗതിക്കാരനായ അവന്റെ സ്നേഹിതൻ അതു കണ്ടിട്ട് അവളോട് ഈ വജ്രം നല്ല ഇനത്തിൽപ്പെട്ടതല്ലെന്നും കേവലം ഒരു ഇമിറ്റേഷൻ ഇനത്തിൽപ്പെട്ടതാണെന്നും പറഞ്ഞു. ഇതു കേട്ടപ്പോൾ അവൾക്ക് അല്പം അസ്വസ്ഥതയുണ്ടായി. തന്റെ ഭർത്താവാകാൻ പോകുന്നവൻ ഇത്ര താണതരത്തിലുള്ള വജ്രം തരുമോയെന്ന് അവൾ ശങ്കിച്ചു. അതിനാൽ അത് പരിശോധിക്കുവാൻ തന്റെ പിതാവിനെ അവൾ ഏല്പിച്ചു. അദ്ദേഹം അത് ഒരു രത്നവ്യാപാരിയുടെ അടുക്കൽ പരിശോധനയ്ക്കായി കൊണ്ടുപോയി. അദ്ദേഹം സൂക്ഷ്മപരിശോധന നടത്തിയശേഷം അത് വെണ്മയേറിയ ഒന്നാന്തരം വജ്രമാണെന്ന് മറുപടി പറഞ്ഞു. ആ യുവതിക്കുള്ള സംശയം തീരുകയും തന്റെ വരന്റെ പേരിലുള്ള വിശ്വാസം വീണ്ടെടുക്കുകയും ചെയ്തു. ഉത്തമമല്ലാത്ത ഒന്ന് അവൻ സ്നേഹിക്കുന്ന തനിക്ക് തരികയില്ലായെന്ന് അവൾ മനസ്സിലാക്കി.

ദൈവം ലോകത്തെ സ്നേഹിച്ചപ്പോൾ ഏറ്റവും വിലയേറിയ ഒരു ദാനമാണ് നൽകിയത്. ഒരു രാജകീയ പദവിയോടെയാണ് ലോകത്തിനു നൽകിയത്. അതുകൊണ്ട് ജനനത്തിൽ വിദ്വാന്മാർ ചോദിച്ചു രാജാവായിപ്പിറന്നവൻ എവിടെ? തന്റെ ജീവിതത്തെ മരണത്തിന് തന്നെത്താൻ ഏല്പിച്ചു കൊടുത്തപ്പോൾ തന്റെ ക്രൂശിൻമീതെ പീലാത്തോസ് എഴുതിച്ചേർത്തു, അവൻ യഹൂദന്മാരുടെ രാജാവാണെന്ന്. ഈ ദാനത്തെ പല കോടികളും പരിശോധിച്ച് മനസ്സിലാക്കി കുറവില്ലാത്ത ശ്രേഷ്ഠമായ ദാനമാണെന്ന്. മാത്രമല്ല ഇനി താൻ രാജാധിരാജാവായി വരാൻ പോകയാണ്. മുൾമുടി ചൂടിച്ച് പരിഹസിച്ച് നിന്ദിക്കപ്പെട്ടവൻ പൊന്മുടി ചൂടി വരാനുള്ള ദിവസങ്ങൾ ആസന്നമായിരിക്കയാണ്. ദൈവം നൽകിയ ഈ ദാനത്തെ വിലകുറച്ച് ചിന്തിക്കുന്നവരും എഴുതുന്നവരും ഇന്നും ഉണ്ടെന്നുള്ളത് ദുഃഖം തന്നെയാണ്. എല്ലാവരും അറിയുന്നതിനും പരിശോധിക്കുന്നതിനും ദൈവം ഈ ദാനത്തെ പരസ്യമായി കാഴ്ചയാക്കിയിരിക്കയാണ്. ഈ ദാനം നമ്മുടെ കർത്താവായ യേശുക്രിസ്തുവാണെന്ന് നമുക്കറിയാം. എന്തുകൊണ്ടാണ് പറഞ്ഞുതീരാത്ത ദാനമയി കർത്താവ് മാറിയത്. ഇന്നുവരേയും ലോകം അതുപോലെയുള്ള ഒരു ദാനത്തെ കണ്ടിട്ടില്ല. അതിന്റെ മഹത്വം വർണ്ണിച്ചു തീർന്നിട്ടില്ല. അതിന്റെ സൗന്ദര്യവും തേജസ്സും സമ്പൂർണ്ണമായി ദർശിക്കാൻ ആർക്കും കഴിഞ്ഞിട്ടില്ല. എല്ലാവിധത്തിലും ദൈവം ലോകത്തിന് നൽകിയ. വിലമതിക്കാൻ കഴിയാത്ത ഒരു ദാനമാണ് കർത്താവായ യേശുക്രിസ്തു. അതുകൊണ്ട് അവനെ സ്വീകരിച്ച് ദാനത്തെ അംഗീകരിച്ച് സമാധാനവും സന്തോഷവും അനുഭവിക്കാൻ ദൈവം നമ്മെ സഹായിക്കട്ടെ.

T.V.S.

SUVISESHA DHWANI
Annual Subscription
India Rs. 100
USA/Canada US$ 50
Envelope Postage
Rs. 1200
Please send news
and articles to:
Chief Editor
**V.S.Mathew**
Suviseshа Dhwani
Elim Thompil Vadakethil
Elanthoor East P.O.,
Pathanamthitta
Kerala 689 643
Tel: 0468- 2361498
Mob. 9447354998

Associate Editor
**A.J. Oommen**
Iykkarethu,
Pullad P.O. 689 548
Ph. 0469 2660478
Send your drafts &
money orders to:
Managing Editor
**Jose Philip**
Iyrookuzhiyil,
Vettoor P.O.
Pathanamthitta-689 653
Tel : 0468-2333938
mob. 9447257038
joseayroo@rediffmail.com
Circulation Manager
**Thomas John**
3320 DARCEY COURT
FLOWER MOUND.
TX 750 22, USA
Ph. 001 469 293 6235
Please send DD/Cheque
drawn in favour of:
Suvisesha Dhwani

**23-01-2010**

Suvisesha Dhwani Reg. No. RN 29475/78
**Postal Reg. No. KL/PTA/66/2009- 2011**
**Day of posting - Saturday**
**Place of posting - Head Post Office,**
**Pathanamthitta**

***If not delivered, please return to:***
**Managing Editor**
**SUVISESHA DHWANI**
**Iyroo Kuzhiyil, Vettoor P.O.**
**Pathanamthitta - 689 653**
**Kerala, India**

Published & Edited by V.S.Mathew, Thompil Vadakethil, Elanthoor East P.O., PTA on behalf of Y.M.E.F. Printed by George Samuel at Excel Offset Printers, Omalloor. Ph: 0468- 2350320